നെന്മാറ നിയോജകമണ്ഡലത്തിലെ അങ്കണവാടികൾ

200 (5553) ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നെന്മാറ നിയോജകമണ്ഡലത്തിൽ സ്വന്തമായി സ്ഥലവും കെട്ടിടവും ഇല്ലാത്ത എത്ര അംഗൻവാടികളാണ് പ്രവർത്തിക്കുന്നത് എന്ന് വിശദമാക്കുമോ ;

(ബി) സ്വന്തമായി സ്ഥലമില്ലാത്ത അംഗൻവാടികൾക്ക് സ്ഥലം ലഭിക്കുന്നതിനായി വകുപ്പുതലത്തിൽ നടത്തിയ പ്രവർത്തനങ്ങൾ സംബന്ധിച്ച വിശദാംശം നൽകുമോ ?

ഉത്തരം

(എ) നെന്മാറ നിയോജകമണ്ഡലത്തിൽ സ്വന്തമായി സ്ഥലവും കെട്ടിടവും ഇല്ലാത്ത 44 അങ്കണവാടികൾ പ്രവർത്തിക്കുന്നു.

(ബി) സ്വന്തമായി സ്ഥലമില്ലാത്ത അങ്കണവാടികൾക്ക് സ്ഥലം ലഭ്യമാക്കുന്നതിനായി റവന്യൂ, ഫോറസ്റ്റ്, ഇറിഗേഷൻ വകുപ്പുമായി ബന്ധപ്പെട്ട് നടപടികൾ സ്വീകരിച്ചുവരുന്നു.

ഭിക്ഷാടന നിരോധനം

201 (5554) ശ്രീ. ഇ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ നഗരപാതയോരങ്ങളിലും, റെയിൽവേ സ്റ്റേഷൻ പരിസരങ്ങളിലും കൈക്കുഞ്ഞുമായുള്ള സ്ത്രീകളുടെ ഭിക്ഷാടനവും ബാലഭിക്ഷാടനവും വർദ്ധിച്ചു വരുന്നതു ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഭിക്ഷാടനം നടത്തുന്ന തെരുവ് സ്ത്രീകളുടെ കൈകളിലുള്ള കുട്ടികളെ മയക്കി കിടത്തുന്നതിന് ലഹരി വസ്തുക്കൾ നൽകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) പ്രസ്തുത ഭിക്ഷാടനം ഇല്ലാതാക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വിശദീകരിക്കാമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly

(സി) തെരുവിൽ അലഞ്ഞുനടക്കുന്ന കുട്ടികളുടെ പുനഃരധിവാസം ലക്ഷ്യമിട്ടുകൊണ്ട് സാമൂഹ്യനീതി വകുപ്പിന്റെ സഹായത്തോടെ മൂന്ന് ഓപ്പൺ ഷെൽട്ടർ ഹോമുകൾ പ്രവർത്തിക്കുന്നുണ്ട്. കൂടാതെ ഭിക്ഷാടനം ഇല്ലാതാക്കുന്നതിനും, നിർദ്ധനരായ ഭിക്ഷക്കാരെ സംരക്ഷിക്കുന്നതിനുവേണ്ടിയും The Prevention of Begging & Protection of Destitute Beggars and their Dependent Bill, 2015 പരിശോധിച്ചുവരികയാണ്.

ജുവൈനൽ ഹോമുകളുടെ പ്രവർത്തനം

202 (5555) ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് എത്ര ജുവൈനൽ ഹോമുകൾ പ്രവർത്തിക്കുന്നുണ്ട് ; ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ ;

(ബി) 100 ൽ കൂടുതൽ കുട്ടികളുള്ള എത്ര ജുവൈനൽ ഹോമുകൾ ഉണ്ടെന്ന് വ്യക്തമാക്കാമോ ;

(സി) ഇത്തരം ജുവൈനൽ ഹോമുകളിലെ നിലവിലുള്ള സ്റ്റാഫ് പാറ്റേൺ എപ്രകാരമാണെന്ന് വ്യക്തമാക്കാമോ ;

(ഡി) ജുവൈനൽ ഹോമുകളിൽ സ്റ്റാഫ് പാറ്റേൺ പുനഃക്രമീകരിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശം നൽകാമോ ?

ഉത്തരം

(എ) സാമൂഹ്യനീതി വകുപ്പിന്റെ കീഴിൽ കേരളത്തിൽ ആകെ 25 ജുവൈനൽ ഹോമുകൾ നിലവിലുണ്ട്.

1. സാമൂഹ്യനീതി വകുപ്പിന്റെ കീഴിലുള്ള ജെ.ജെ. സ്ഥാപനങ്ങൾ :

കേരളത്തിൽ ആകെ 8 ഒബ്സർവേഷൻ ഹോമുകളും 6 ഒബ്സർവേഷൻ ഹോമുകൾ & ചിൽഡ്രൻസ് ഒബ്സർവേഷൻ ഹോമുകളും പ്രവർത്തിക്കുന്നു. അതിന്റെ വിവരം ചുവടെ ചേർക്കുന്നു :

1. ഒബ്സർവേഷൻ ഹോമുകൾ (റിമാൻഡ് ഹോമുകൾ) :

1. ഗവ. ഒബ്സർവേഷൻ ഹോം. തിരുവനന്തപുരം.
2. ഗവ. ഒബ്സർവേഷൻ ഹോം, കൊല്ലം.
3. ഗവ. ഒബ്സർവേഷൻ ഹോം, കോട്ടയം.

LIBRARY ARCHIVES Kerala Legislative Assembly